I ഇ.ബി. XIV - കേരള നിയമസഭ /V-2

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 ഏപ്രിൽ 26, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അറിയിപ്പ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി എം.എൽ.എ.-യുടെ രാജി

മി. സ്പീക്കർ: വേങ്ങര നിയോജകമണ്ഡലത്തിൽനിന്നും കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി എം.എൽ.എ.

2017 ഏപ്രിൽ 25-ാം തീയതി പ്രാബല്യത്തിൽ കേരള നിയമസഭാംഗത്വം രാജിവച്ചിരിക്കുന്ന വിവരം കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 169-ാം ചട്ടത്തിന്റെ 5-ാം ഉപചട്ടപ്രകാരം സഭയെ അറിയിക്കുന്നു.

## II **അടിയന്തര പ്രമേയം**

പൊമ്പിളൈ ഒരുമൈയുടെ സമരം അടിച്ചമർത്താനുള്ള നീക്കം

മി. സ്പീക്കർ : വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം.എം. മണിയുടെ സ്ത്രീവിരുദ്ധ പരാമർശത്തിൽ പ്രതിഷേധിച്ച് പൊമ്പിളൈ ഒരുമൈയുടെ നേതാക്കൾ മൂന്നാറിൽ നടത്തുന്ന സമരം നാലാം ദിവസത്തിലേയ്ക്ക് കടന്നിട്ടും സമരത്തിനാധാരമായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതിനുപകരം സമരക്കാരായ സ്ത്രീകൾക്കെതിരെ കള്ളക്കേസ്സ് എടുക്കാനും പോലീസിനെയും സി.പി.എം. പ്രവർത്തകരെയും ഉപയോഗിച്ച് നിസ്സഹായരായ സ്ത്രീകളെ ഭീഷണിപ്പെടുത്തി സമരം അടിച്ചമർത്താൻ ഗവൺമെന്റിന്റെ ഒത്താശയോടെ നടക്കുന്ന നീക്കങ്ങൾമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. വി.ഡി. സതീശൻ, ഡോ. എം.കെ. മുനീർ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : വൈദ്യുതി വകുപ്പുമന്ത്രി ഇടുക്കിയിൽ

നടത്തിയ പ്രസംഗത്തിലെ ചില പരാമർശങ്ങളുടെ പേരിൽ മാപ്പു പറയണമെന്നാവശ്യപ്പെട്ട് മൂന്നാർ ടൗണിൽ സമരം നടത്തുന്ന സ്ത്രീകൾക്കെതിരെ കള്ളക്കേസ്സ് എടുക്കാനും സമരം അടിച്ചമർത്താനും പോലീസ് ശ്രമിക്കുന്നതായി പറയുന്നത് ശരിയല്ല. റോഡ് ഗതാഗതം തടസ്സപ്പെടുത്തി പ്രകടനം നടത്തിയവർക്കെതിരെയും പോലീസ് വാഹനം തടഞ്ഞവർക്കെതിരെയും നിയമാനുസൃതമായ നടപടികൾ മാത്രമാണ് കൈക്കൊണ്ടിട്ടുള്ളത്. സമരത്തിൽ പങ്കെടുക്കുന്നവർ ശ്രീ. എം. എം. മണിയുടെ പ്രസംഗത്തിന്റെ വീഡിയോ പകർപ്പിൽ ഇല്ലാത്തതും അദ്ദേഹം പറയാത്തതുമായ കാര്യങ്ങളാണ് ആരോപണങ്ങളായി ഉന്നയിക്കുന്നത്. ഇത്തരം തെറ്റായ പ്രചരണങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് പല സംഘടനാനേതാക്കളും അവരുടെ നിലപാടിൽ നിന്നും പിൻമാറുന്നതിന്റെ ഫലമായി സമരത്തിന് ജനകീയ പിന്തുണ ആർജ്ജിക്കാൻ സാധിക്കുന്നില്ല. തന്റെ പ്രസ്താവനയിൽ നിർവ്യാജം ഖേദം പ്രകടിപ്പിക്കുന്നതായി മന്ത്രി തന്നെ വ്യക്തമാക്കിയിട്ടുണ്ട്. മൂന്നാറിലെ വൻകിട കയ്യേറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതും ഭാവിയിൽ കയ്യേറ്റങ്ങൾ ഉണ്ടാകാത്ത രീതിയിലുള്ള ഇടപെടൽ നടത്തുന്നതുമാണ്. പട്ടയം ലഭിക്കാൻ അർഹതയുള്ള എല്ലാ കുടുംബങ്ങൾക്കും സമയബന്ധിതമായി പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ജനകീയ പ്രക്ഷോഭങ്ങളെ അടിച്ചമർത്തുന്നതിനുപകരം ജനങ്ങളുടെ പിന്തുണയോടെ

പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് സർക്കാർ ശ്രമിച്ചുവരുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u> : വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണിയുടെ സ്ത്രീവിരുദ്ധ പരാമർശത്തിൽ പ്രതിഷേധിച്ച് പൊമ്പിളൈ ഒരുമൈ എന്ന സംഘടനയുടെ നേതൃത്വത്തിൽ നാല് ദിവസമായി നടത്തിവരുന്ന സമരത്തെ പൊളിക്കാൻ പോലീസും സി.പി.എം. പ്രവർത്തകരും നടത്തുന്ന ശ്രമം ദൗർഭാഗ്യകരമാണ്. ഉദ്യോഗസ്ഥർക്കെതിരെ മന്ത്രിമാർ ആക്ഷേപകരമായ പരാമർശങ്ങൾ നടത്തുന്നത് ശരിയായ നടപടിയല്ല. പാപ്പാത്തിച്ചോലയിൽ കുരിശ് നീക്കം ചെയ്തതും 144 പ്രഖ്യാപിച്ചതും സർക്കാർ അറിഞ്ഞില്ലെന്നുള്ള മുഖ്യമന്ത്രിയുടെ പ്രസ്താവന ഖേദകരമാണ്. സ്ത്രീകൾക്ക് ആത്മാഭിമാനത്തോടെ ജീവിക്കാൻ കഴിയാത്ത സാഹചര്യമാണ് സംസ്ഥാനത്തുള്ളത്. പൊമ്പിളൈ ഒരുമൈ സമരത്തിൽ പങ്കെടുത്ത സ്ത്രീകളെ അപമാനിച്ച മന്ത്രിയുടെ നടപടി ന്യായീകരിക്കാവുന്നതല്ല. ഭരണപക്ഷ മുന്നണിയിൽ രണ്ടാമത്തെ പാർട്ടിതന്നെ മന്ത്രിയെ തള്ളിപ്പറഞ്ഞിരിക്കുകയാണ്. ഉദ്യോഗസ്ഥന്മാരുടെ ആത്മവീര്യം തകർക്കുകയും മോശമായ ഭാഷയിൽ അവരെ അപമാനിക്കുകയും ചെയ്യുന്ന സമീപനം അവസാനിപ്പിക്കണം. മുഖ്യമന്ത്രിക്ക് പറയാൻ സാധിക്കാത്ത കാര്യങ്ങൾ പറയുന്നതിനാണോ മന്ത്രിസഭയിൽ ശ്രീ. എം. എം. മണിയെ നിലനിർത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച്

ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വിഷയദാരിദ്ര്യമുള്ളതുകൊണ്ടാണ് പ്രതിപക്ഷം വീണ്ടും ഈ വിഷയം ഇവിടെ ഉന്നയിക്കുന്നത്. വലിയതോതിൽ പൊമ്പിളൈ ഒരുമൈ നടത്തുന്ന സമരത്തെ സംഘടനാ പ്രസിഡന്റുതന്നെ തള്ളിപ്പറഞ്ഞിട്ടുള്ളതാണ്. തികഞ്ഞ കുട്ടത്തരവാദിത്തത്തോടെയാണ് സർക്കാർ പ്രവർത്തിക്കുന്നത്. പാപ്പാത്തിച്ചോലയിൽ കുരിശ് തകർത്ത സംഭവത്തിൽ സർക്കാർ സ്വീകരിച്ച നടപടി തെറ്റിദ്ധാരണാജനകമായി ചിത്രീകരിക്കാനാണ് ശ്രമം നടന്നത്. മൂന്നാറിന്റെ പ്രത്യേകതകൾ തകർക്കുന്ന തരത്തിലുള്ള ഒരു കയ്യേറ്റവും സർക്കാർ അനുവദിക്കില്ല. എഡിറ്റ് ചെയ്ത പ്രസംഗത്തിന്റെ പേരിൽ ശ്രീ. എം. എം. മണിയെ ആക്ഷേപിച്ചവർതന്നെ പ്രസംഗത്തിന്റെ പൂർണ്ണരൂപം കേട്ടതോടെ നിലപാട് മാറ്റുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. ഈ വിഷയത്തിൽ നിർവ്യാജം ഖേദം പ്രകടിപ്പിക്കാൻ തയ്യാറായ അദ്ദേഹത്തിന്റെ മാന്യത അംഗീകരിക്കാൻ പ്രതിപക്ഷം തയ്യാറാകണം. സർക്കാർ തീരുമാനിക്കുന്ന കാര്യങ്ങൾ നടപ്പാക്കാൻ ഉദ്യോഗസ്ഥർ ബാദ്ധ്യസ്ഥരാണ്. നിയമവിരുദ്ധമായ യാതൊരു നടപടിയും ഈ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുകയില്ല. ഈ പ്രശ്നം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്താണ് ഒരു സമരത്തെ സർക്കാർ വിലയിരുത്തേണ്ടത്. മന്ത്രിയെ ന്യായീകരിക്കുന്ന രീതിയിലുള്ള പ്രസംഗമാണ് ഇന്നലെ മുഖ്യമന്ത്രി നിയമസഭയിൽ നടത്തിയത്. സംസ്ഥാനത്തെ മുഖ്യമന്ത്രി അറിയാതെ ഒരു പ്രദേശത്തും 144 പ്രഖ്യാപിക്കുകയില്ല. നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള നടപടിയാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സ്ത്രീത്വത്തെ അപമാനിക്കുന്ന രീതിയിലുള്ള പ്രസ്താവനകൾ നടത്തുന്നത് ഖേദകരമാണ്. സ്ത്രീത്വത്തെ അപമാനിച്ച വൈദ്യുതി വകുപ്പുമന്ത്രി ജനാഭിലാഷം മാനിച്ചുകൊണ്ട് സ്വയം രാജിവയ്ക്കുകയോ മുഖ്യമന്ത്രി അദ്ദേഹത്തെ മന്ത്രിസഭയിൽനിന്ന് പുറത്താക്കുകയോ ചെയ്തില്ലെങ്കിൽ പ്രതിപക്ഷം ശക്തമായ പ്രക്ഷോഭവുമായി മുന്നോട്ടുപോകും.

(ശ്രീ. എം. എം. മണിയുടെ രാജി ആവശ്യപ്പെട്ട് യു.ഡി.എഫ്. അംഗങ്ങൾ ബാനർ ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസ്സിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണി പ്രസ്താവന നടത്തിയശേഷം അദ്ദേഹത്തിന്റെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോയി. ശ്രീ. ഒ. രാജഗോപാലും പ്രസ്താവന നടത്തിയശേഷം സഭവിട്ട്

പുറത്തുപോയി.)

## III ശ്രദ്ധക്ഷണിക്കൽ

### സ്വാശ്രയ മെഡിക്കൽ പ്രവേശനം

ശ്രീ. എം. സ്വരാജ്: സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ മെഡിക്കൽ പ്രവേശനത്തിന് മെറിറ്റിനോടൊപ്പം സാമൂഹ്യനീതിയും ഉറപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ചെറിയ മുതൽ മുടക്കിലൂടെ വൻലാഭം നേടാൻ കഴിയുന്ന വ്യവസായമായി വിദ്യാഭ്യാസരംഗത്തെ മാറ്റാനുള്ള ആസൂത്രിത നീക്കങ്ങളാണ് നടന്നുവരുന്നത്. വിദ്യാഭ്യാസം കച്ചവടമാണെന്ന് GATS- ന്റെ നയപ്രഖ്യാപനരേഖ വ്യക്തമാക്കുന്നു. സ്വാശ്രയ കോളേജുകൾക്ക് അംഗീകാരം നൽകുന്നതിന് വളരെ ഉദാരമായ നിലപാടാണ് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചത്. സ്വകാര്യ സ്വാശ്രയ കോളേജുകളിൽ നടക്കുന്ന സാമ്പത്തിക കുറ്റകൃത്യങ്ങൾ, മനുഷ്യാവകാശ ലംഘനങ്ങൾ, മാനസിക പീഡനങ്ങൾ എന്നിവയും നിയമവിരുദ്ധമായ രീതിയിൽ ഫൈൻ ഈടാക്കുന്നതും തടയുന്നതിന് നടപടി സ്വീകരിക്കണം. മെഡിക്കൽ പ്രവേശനത്തിന് 'നീറ്റ് റാങ്ക് ' നിർബന്ധമാക്കിയ സുപ്രീംകോടതി വിധിയുടെ ഭാഗമായി കേരള ഗവൺമെന്റ് ഓർഡിനൻസ് പുറപ്പെടുവിച്ച നടപടി സ്വാഗതാർഹമാണ്. മെറിറ്റ് അട്ടിമറിക്കുന്നത് തടയുന്നതോടൊപ്പം സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ട

വിദ്യാർത്ഥികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ഫീസിളവ് സംരക്ഷിക്കുന്നതിന് സ്കോളർഷിപ്പോ ഗ്രാന്റോ നൽകാൻ കഴിയുമോ എന്നുള്ളത് പരിശോധിക്കണം. കണ്ണൂർ മെഡിക്കൽ കോളേജിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളുടെ പ്രശ്നം പ്രത്യേകം പരിശോധിച്ച് യോഗ്യരായ വിദ്യാർത്ഥികളുടെ തുടർ പഠനത്തിനാവശ്യമായ സാഹചര്യമൊരുക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ യാതൊരു മാനദണ്ഡവുമില്ലാതെ എൻ.ഒ.സി. കൊടുത്തതിന്റെ ഫലമായാണ് പല പ്രശ്നങ്ങളും ഉണ്ടായത്. മാനദണ്ഡമില്ലാതെ പുതിയ കോഴ്സുകൾക്ക്/പുതിയ കോളേജുകൾക്ക് എൻ.ഒ.സി. കൊടുക്കേണ്ടതില്ലെന്നാണ് ഗവൺമെന്റിന്റെ നയം. കേരളത്തിൽ സ്വാശ്രയ വിദ്യാഭ്യാസം കച്ചവടമായി മാറിയ സാഹചര്യത്തിൽ ഗവൺമെന്റ് ഇതിനെതിരായുള്ള നടപടികളുമായി മുന്നോട്ട് പോകുകയാണ്. കഴിഞ്ഞ വർഷം നീറ്റ് റാങ്കിന്റെ അഡ്മിഷന് മാനേജ്മെന്റ് കോളേജുകളുമായി സർക്കാർ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പരമാവധി സീറ്റുകളിൽ സബ്സിഡി യോടുകൂടി പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാനുള്ള അവസരമുണ്ടായി. നീറ്റ് ലിസ്റ്റിൽനിന്നും മുഴുവൻ അഡ്മിഷനും നടക്കുമ്പോൾ മെറിറ്റ്/മാനേജ്മെന്റ് എന്ന് വേർതിരിക്കാൻ കഴിയാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. ഈ അവസ്ഥയിൽ

പരമാവധി നീതി ഉറപ്പുവരുത്തുന്നതിനും ചൂഷണം അവസാനിപ്പിക്കുന്നതിനും എന്ത് ചെയ്യാൻ സാധിക്കുമെന്നുള്ളത് സർക്കാർ പരിശോധിക്കുന്നതാണ്. അഡ്മിഷൻ, ഫീസ് തുടങ്ങിയവ സംബന്ധിച്ചുള്ള ഒരു ഓർഡിനൻസ് ഇറക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ പ്രവേശനത്തിന് മെറിറ്റിനോടൊപ്പം സാമൂഹ്യനീതിയും ഉറപ്പാക്കുക എന്നതാണ് സർക്കാരിന്റെ ഉറച്ച നിലപാട്. 2017-18 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ സർക്കാർ/സ്വാശ്രയ മേഖലകളിലെ മെഡിക്കൽ വിദ്യാഭ്യാസ പ്രവേശനം NEET പ്രകാരമുള്ള മെറിറ്റിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന കേന്ദ്രീകൃത അലോട്ട്മെന്റ്വഴി ആയിരിക്കുന്നതാണ്. കൂടാതെ പ്രവേശന പരീക്ഷാ കമ്മീഷണറെ കമ്പൈൻഡ് കൗൺസിലിംഗിനുള്ള അധികാരിയായും നിയമിച്ചിട്ടുണ്ട്. ടി ഓർഡിനൻസ് പ്രകാരം രൂപീകരിക്കപ്പെടുന്ന അഡ്മിഷൻ ആന്റ് ഫീ റഗുലേറ്ററി കമ്മിറ്റിക്ക് വിപുലമായ അധികാരങ്ങളാണ് നൽകിയിരിക്കുന്നത്. ഫീസ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഒന്നോ അതിലധികമോ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുന്നതിന് സർക്കാരിന് അധികാരം നൽകുന്നുണ്ട്. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പരമാവധി ഫീസ് ഇളവും സ്കോളർഷിപ്പും നടപ്പാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനവും ഫീസും നിയന്ത്രിക്കുന്നതിനായി

10-04-2017-ൽ പുറപ്പെടുവിച്ച ഓർഡിനൻസ് പ്രകാരം സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളിലെ പ്രവേശനത്തിന് പട്ടികജാതി/പട്ടികവർഗ്ഗ, മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ നിശ്ചയിക്കുംപ്രകാരമുള്ള സംവരണം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കണ്ണൂർ, കരുണ മെഡിക്കൽ കോളേജുകളിലേയ്ക്ക് കോടതിവിധിയുടെ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് നടത്തിയ വേളയിൽ കണ്ണൂർ മെഡിക്കൽ കോളേജ് സ്വന്തം ഇഷ്ടപ്രകാരം അലോട്ട്മെന്റ് നടത്തി ലിസ്റ്റ് തയ്യാറാക്കിയതിനാൽ പ്രസ്തുത അലോട്ട്മെന്റ് ലിസ്റ്റ് അംഗീകരിക്കാൻ കഴിയാത്ത സ്ഥിതിയാണ് സർക്കാരിനുള്ളതെങ്കിലും പ്രസ്തുത ലിസ്റ്റിൽ മെറിറ്റിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികളുടെ പ്രവേശനം ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

(യു.ഡി.എഫ്. അംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ സബ്മിഷനുകൾ റദ്ദ് ചെയ്തതായി സ്പീക്കർ അറിയിക്കുകയും കാര്യ വിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടക്കുകയും ചെയ്തു.)

## IV റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## V റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VII ധനകാര്യം

2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

| | |
|---|---|
| ധനാഭ്യർത്ഥന നമ്പർ II- | സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ,ആസ്ഥാന ഉദ്യോഗസ്ഥന്മാർ (535,62,27,000 രൂപ) |
| ധനാഭ്യർത്ഥന നമ്പർ III- | നീതിന്യായ നിർവ്വഹണം (542,83,36,000 രൂപ) |

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സംസ്ഥാന ഭരണത്തലവന്മാർ/മന്ത്രിമാർ/ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം

നമ്പർ ധനാഭ്യർത്ഥനയെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയും ചർച്ച കൂടാതെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## VIII അറിയിപ്പ്

27-04-2017-ന് പഴയ നിയമസഭാ ഹാളിൽ സഭാസമ്മേളനം ചേരുന്നത് സംബന്ധിച്ച്

27-04-2017-ന് പഴയ നിയമസഭാ ഹാളിൽ സഭാസമ്മേളനം ചേരുന്നതാണെന്നും അത് സംബന്ധിച്ച ബി.എ.സി. റിപ്പോർട്ട് അംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും സ്പീക്കർ സഭയെ അറിയിച്ചു.

സഭ രാവിലെ 10.48-ന് പിരിഞ്ഞു.

***********